# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *82

28.02.018-ൽ മറുപടിയ്ക്ക്

## സ്വയംപര്യാപ്ത ക്ഷീരകേരളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ. ശശീന്ദ്രൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ<br>ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ ; | (എ) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി ക്ഷീരവികസന വകുപ്പിന്റെ നേതൃത്വത്തിൽ തീറ്റപ്പുൽ കൃഷി വികസനം, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീരസഹകരണ സംഘങ്ങളുടെ ശാക്തീകരണം, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ തുടങ്ങി വൈവിധ്യമാർന്ന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.<br><br>മിൽമയുടെകീഴിലുള്ള മേഖല യൂണിയനുകൾ സ്വയം പര്യാപ്ത ക്ഷീര കേരളം എന്ന പ്രഖ്യാപിത ലക്ഷ്യം നേടാനായി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിധ്യമാർന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) ക്ഷീര വികസന വകുപ്പ് സ്ഥാപിക്കാനുദ്ദേശിക്കുന്ന കിടാരി പാർക്കിന്റെ ലക്ഷ്യങ്ങളും പദ്ധതിയുടെ വിശദാംശവും അറിയിക്കാമോ ; | (ബി) കേരളത്തിൽ ഉല്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ മികച്ച കിടാരികളെ വളർത്തിയെടുക്കുന്നതിന് ഉദ്ദേശിച്ചാണ് കിടാരി പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയിൽ 2018-19 - ൽ അഞ്ച് |

| | | | |
|---|---|---|---|
| | | | ജില്ലകളിൽ കുറഞ്ഞത് 100 കിടാരികളെയെങ്കിലും വളർത്തുന്ന കിടാരിപാർക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. |
| (സി) | ഒരു ലക്ഷം കന്നുകുട്ടികളെ ഉൾപ്പെടുത്തികൊണ്ട് കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കാൻ ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (സി) | 2017-18 ൽ 53 കോടി 80 ലക്ഷം രൂപ അനുവദിച്ചതിൽ 14 കോടി 92 ലക്ഷം രൂപ കാഫ് അഡോപ്ഷൻ പ്രോഗ്രാം എന്ന പദ്ധതിയ്ക്കും 38 കോടി 88 ലക്ഷം രൂപ ഗോവർദ്ധിനി എന്ന പദ്ധതിക്കുമായി ചെലവാക്കിയിട്ടുണ്ട് .2017-18 സാമ്പത്തിക വർഷത്തിൽ കാഫ് അഡോപ്ഷൻ പ്രോഗ്രാം (CAP) പദ്ധതിയിൻ പ്രകാരം 20622 കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുവാൻ ലക്ഷ്യമിട്ടിരുന്നതിൽ ഇതിനോടകം 18205 കന്നുകുട്ടികളെ വരി ചേർത്തിട്ടുണ്ട്. ഗോവർദ്ധിനി പദ്ധതിയിൽ 14448 കന്നുകുട്ടികളെ വരി ചേർക്കുവാൻ പദ്ധതിയിട്ടിരുന്നതിൽ 14448 കന്നുകുട്ടികളെയും വരി ചേർത്തിട്ടുണ്ട്.പ്രസ്തുത കന്നുകുട്ടികൾക്ക് പദ്ധതി വിഭാവനം ചെയ്യുന്ന തരത്തിലുള്ള പോഷകാഹാരവും മറ്റ് സംരക്ഷണവും നൽകി വരുന്നു.കൂടാതെ സ്പെഷ്യൽ ഗോവർദ്ധിനി 2017-18 പദ്ധതിയിൽ 10000 കന്നുകുട്ടികളെ വരി ചേർക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കേന്ദ്ര സർക്കാരിന്റെ കന്നുകാലി കശാപ്പ് നിയന്ത്രണം സംസ്ഥാനത്തെ കന്നുകാലി വളർത്തു മേഖലയിൽ തിരിച്ചടി ഉണ്ടാക്കാനിടയുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | പ്രസ്തുത നിയന്ത്രണം നടപ്പിൽ വന്നിരുന്നെങ്കിൽ കന്നുകാലി വളർത്തു മേഖലയിൽ എന്തൊക്കെ തിരിച്ചടി ഉണ്ടാക്കുമായിരുന്നു എന്നത് സംബന്ധിച്ചറിയാൻ ആവശ്യമായ പഠനങ്ങൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ